LIBRARY ARCHIVES Kerala Legislative Assembly

ഭൂഗർഭജല ലഭ്യതയെക്കുറിച്ച് പഠനം

136 [1075] *ശ്രീ. സി. കെ. നാണു:*

,, കെ. വി. മോഹനൻ:

,, എ. സി. ഷൺമുഖദാസ്:

ഡോ. എ. നീലലോഹിതദാസൻ നാടാർ:

ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂഗർഭജല ലഭ്യതയെക്കുറിച്ച് ഏതു കേന്ദ്ര-സംസ്ഥാന ഏജൻസികളാണ് പഠനം നടത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഭൂഗർഭജല വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കേരളത്തിലെ ഭൂഗർഭജല നിരപ്പിനെക്കുറിച്ച് നടത്തിയ പഠന റിപ്പോർട്ട് അംഗീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഉണ്ടെങ്കിൽ ആ റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഭൂഗർഭജല ലഭ്യതയെക്കുറിച്ച് കേന്ദ്ര ഭൂജല ബോർഡും സംസ്ഥാന ഭൂജല വകുപ്പും ചേർന്ന ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷൻ കമ്മിറ്റിയാണ് പഠനം നടത്തുന്നത്.

(ബി) & (സി) അംഗീകരിച്ചിട്ടുണ്ട്. ഇത് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

സോഷ്യോ-ഇക്കണോമിക് ഫാറം ഫൗണ്ടേഷൻ

137 [1076] *ശ്രീ. എ. കെ. മണി:*

,, വി. ഡി. സതീശൻ:

ഡോ. എം. എ. കുട്ടപ്പൻ:

ശ്രീ. പി. ജെ. ജോയി:

പ്രൊഫ. കെ. വി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോഷ്യോ-ഇക്കണോമിക് ഫാറം ഫൗണ്ടേഷൻ എന്ന സ്ഥാപനത്തെ കുടിവെള്ള മേഖലയെക്കുറിച്ചുള്ള സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുവാനായി നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ;